നിന്നും വായ്പയെടുക്കുന്ന ഗുണഭോക്താക്കൾക്ക് നിയമാനുസൃത മാർജിൻമണി സബ്സിഡി ഖാദി ബോർഡ് അനുവദിച്ചിട്ടുണ്ട്. പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പ്രോജക്ട് തുക (രൂപയിൽ) |
|---|---|---|
| 1 | ടി. നാസർ, മുക്കം | 24,74,000 |
| 2 | എൻ. എം. ഷബീർ, ഉണ്ണിക്കുളം | 22,90,000 |
| 3 | ജി. മാത്യു കോഴിക്കോട് | 15,00,000 |
| 4 | ശരത് എൻ. ചേമൻചേരി | 18,78,000 |
| 5 | പി. എം. അഷറഫ് കുന്ദമംഗലം | 22,00,000 |
| 6 | എൽ. പി. അബ്ബാസ്, കോഴിക്കോട് | 25,00,000 |
| 7 | വി. പി. അബുലൈസ്, വെസ്റ്റ് നടക്കാവ് | 15,00,000 |

(സി) 7.50 ലക്ഷം രൂപ വായ്പയും 28.85 ലക്ഷം രൂപ പലിശരഹിത വായ്പയും നൽകിയിട്ടുണ്ട്.

(ഡി) 1988-89 മുതൽ തിരിച്ചടവ് കൃത്യമല്ല.

(ഇ) തിരിച്ചടവില്ല.

(എഫ്) ശ്രീമതി ടി. ദേവി
" വി. പി. ജാനകി
" പി. കെ. ശ്രീമതി
" എം. എം. പത്മാവതി
" സി. വിജയലക്ഷ്മി
" പി. സൗദാമിനി
" എൻ. കെ. രാധ.

(ജി) ഇക്കാര്യം ബോർഡ് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടില്ല.

**പെർമനന്റ് ലോക് അദാലത്തിന്റെ പ്രവർത്തനം**

**207 (5097)** ശ്രീ. വി. എൻ. വാസവൻ :
ശ്രീ. സാജുപോൾ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെർമനെന്റ് ലോക് അദാലത്തിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം സേവന മേഖലകളിലെ പരാതികളാണ് ലോക് അദാലത്ത് പരിഗണിക്കുന്നത് ;

(സി) കഴിഞ്ഞ വർഷം ഓരോ വിഭാഗത്തിലുംപെട്ട എത്ര കേസ്സുകൾ പെർമനന്റ് ലോക് അദാലത്തിന്റെ പരിഗണനയ്ക്ക് വന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പി.എൽ.എ.യിലേക്ക് നേരിട്ട് പരാതികൾ സമർപ്പിക്കാൻ കഴിയുമോ ;

(ഇ) കോഴിക്കോട്ടും എറണാകുളത്തും പെർമനന്റ് ലോക് അദാലത്തുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

ഉത്തരം

(എ) 1987-ലെ ലീഗൽ സർവ്വീസസ് അതോറിട്ടീസ് ആക്ടിൽ 2002-ൽ നടപ്പാക്കിയ നിയമ ഭേദഗതി പ്രകാരം പുതുതായി ചേർത്ത അദ്ധ്യായം 6(എ) യിൽ പറയുന്ന പെർമനന്റ് ലോക് അദാലത്ത്, 3-2-2004-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 115/04/നിയമം, കേരളാ സംസ്ഥാന നിയമ സഹായ സമിതിയുടെ 3-7-2006-ലെ നമ്പർ സി.428/02/കെ. ഇ.എൽ.എസ്.എ. നോട്ടിഫിക്കേഷൻ എന്നിവ പ്രകാരം സെപ്റ്റംബർ 2006-ൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകൾ അധികാര പരിധിയായി താഴെപ്പറയുന്ന അവശ്യ സർവ്വീസുകളുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് സ്ഥാപിതമായി;

1. ട്രാൻസ്പോർട്ട് സർവ്വീസ് (വായു, കര, ജലം എന്നിവ മുഖേനയുള്ള സഞ്ചാരവും ചരക്ക് കടത്തും).
2. പോസ്റ്റൽ, ടെലഗ്രാഫ്, ടെലിഫോൺ സർവ്വീസ്
3. വൈദ്യുതി, വെളിച്ചം, വെള്ളം എന്നിവയുടെ വിതരണം.
4. പൊതുജനാരോഗ്യ സംരക്ഷണവും ശുചീകരണവും.
5. ആശുപത്രികൾ, ഡിസ്പെൻസറികൾ ഇവയുടെ സേവനം
6. ഇൻഷ്വറൻസ് സേവനം.

പത്ത് ലക്ഷം രൂപയിൽ കവിയാത്ത മതിപ്പു വിലയുള്ള വസ്തുക്കളെ സംബന്ധിച്ചുള്ള തർക്കങ്ങൾ മറ്റേതെങ്കിലും കോടതിയുടെ പരിഗണനയ്ക്ക് വരുന്നതിനുമുമ്പ് പെർമനന്റ് ലോക് അദാലത്തിൽ (പി.എൽ.എ.) സമർപ്പിക്കാം. പി.എൽ.എ.യിൽ പരാതി സമർപ്പിച്ചാൽ ആ തർക്കവുമായി ബന്ധപ്പെട്ട കക്ഷികൾ മറ്റേതെങ്കിലും കോടതിയിൽ പ്രസ്തുത തർക്കം ഉന്നയിക്കാൻ പാടില്ല.

പി.എൽ.എ.യിൽ പരാതി ലഭിച്ചാലുടൻ കക്ഷികൾക്ക് പത്രിക സമർപ്പിക്കാൻ നോട്ടീസ് അയക്കുന്നു. രേഖകളുടെ കോപ്പികൾ എതിർ കക്ഷിക്ക് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ പത്രിക ഫയൽ ചെയ്യാനും അവസരം ഉണ്ട്. രേഖകളെയും തെളിവുകളെയും സംബന്ധിച്ച് മറുപടിയും പ്രതികരണവും ശേഖരിക്കുന്നതാണ്. തുടർന്ന് അനുരഞ്ജന നടപടിയിലൂടെ തർക്കം സൗഹാർദ്ദപരമായി പരിഹരിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ തർക്കം തീർക്കാനുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും രൂപംനൽകി അത് കക്ഷികളുടെ അവലോകനത്തിനും നിരൂപണത്തിനുമായി നൽകുന്നു. കക്ഷികൾ സമ്മതിക്കുന്ന പക്ഷം തർക്കം തീർപ്പാക്കി സെറ്റിൽമെന്റ് എഗ്രിമെന്റിൽ ഇരുവിഭാഗം കക്ഷികളും ഒപ്പിടുന്നതും പി.എൽ.എ. അതുപ്രകാരം അവാർഡ് പാസ്സാക്കുന്നതുമാണ്. അനുരഞ്ജന ചർച്ച വിജയിക്കുന്നില്ലെങ്കിൽ കുറ്റകൃത്യങ്ങൾ ഒഴികെയുള്ള തർക്കം ആവശ്യമെങ്കിൽ കൂടുതൽ തെളിവുകൾ ശേഖരിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്.

ഇപ്രകാരം പാസ്സാക്കുന്ന അവാർഡുകൾ അന്തിമവും എല്ലാ കക്ഷികളെയും ബന്ധിപ്പിക്കുന്നതും മറ്റ് കോടതികളിൽ ചോദ്യംചെയ്യാൻ പാടില്ലാത്തതുമാണ്.

പെർമനന്റ് ലോക് അദാലത്തിന്റെ നടപടികൾ കോടതി നടപടികളായി പരിഗണിക്കപ്പെടുന്നതും അവാർഡ് ആധികാരികതയുള്ള സിവിൽ കോടതിക്ക് വിധി നടത്താൻ അയച്ചുകൊടുക്കുന്നതും, ആ കോടതി വിധി എന്നപോലെ അവാർഡ് നടപ്പിലാക്കേണ്ടതുമാണ്.

(ബി) താഴെപ്പറയുന്ന സേവന മേഖലകളിലെ പരാതികളാണ് പി.എൽ.എ. പരിഗണിക്കുന്നത് :

1. ട്രാൻസ്പോർട്ട് സർവ്വീസ് (വായു, കര, ജലം എന്നിവ മുഖേനയുള്ള സഞ്ചാരവും ചരക്ക് കടത്തും),
2. പോസ്റ്റൽ,ടെലഗ്രാഫ്, ടെലിഫോൺ സർവ്വീസ്.
3. വൈദ്യുതി, വെളിച്ചം, വെള്ളം എന്നിവയുടെ വിതരണം.
4. പൊതുജനാരോഗ്യ സംരക്ഷണവും ശുചീകരണവും.
5. ആശുപത്രികൾ, ഡിസ്പെൻസറികൾ ഇവയുടെ സേവനം.
6. ഇൻഷ്വറൻസ് സേവനം

(സി) കഴിഞ്ഞ വർഷം പി.എൽ.എ. യുടെ പരിഗണനയ്ക്കു വന്ന കേസ്സുകൾ :

1. ട്രാൻസ്പോർട്ട് സർവ്വീസ് - 36
2. പോസ്റ്റൽ, ടെലഗ്രാഫ്, ടെലിഫോൺ സർവ്വീസ് - 3
3. വൈദ്യുതി, വെളിച്ചം, വെള്ളം എന്നിവയുടെ വിതരണം -22
4. പൊതുജനാരോഗ്യ സംരക്ഷണവും ശുചീകരണവും - 1

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 5. ആശുപത്രികൾ, ഡിസ്പെൻസറികൾ ഇവയുടെ സേവനം | 2 |
| 6. ഇൻഷ്വറൻസ് സേവനം | 710 |
| 7. സുനാമി കേസ്സ് | 1 |

(ബഹു. കേരള ഹൈക്കോടതിയുടെ 15-10-2008-ലെ ഡബ്ല്യു.പി.(സി) നം. 33857/05 ഉത്തരവ് പ്രകാരം)

ആകെ 775

(ഡി) പി.എൽ.എ.യിലേക്ക് പരാതികൾ നേരിട്ടും തപാൽ മുഖേനയും സമർപ്പിക്കാം.

(ഇ) എറണാകുളത്ത് പെർമനന്റ് ലോക് അദാലത്ത് സ്ഥാപിക്കുന്നതിന് 18-2-2010-ലെ ജി.ഒ.(പി) നം.1/2010/നിയമം പ്രകാരം അനുമതി നൽകുകയുണ്ടായി. കോഴിക്കോട് പെർമനന്റ് ലോക് അദാലത്ത് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## നിയമങ്ങൾ ക്രോഡീകരിക്കാൻ നടപടി

**208 (5098)** ശ്രീ. പി. കൃഷ്ണപ്രസാദ്: താഴെ കാണുന്ന ചോദ്യത്തിന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാസ്സാക്കിയ നിയമങ്ങളും അവയുടെ ചട്ടങ്ങളും അനുബന്ധങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാസ്സാക്കിയ ആക്റ്റുകളും പുറപ്പെടുവിച്ച ഓർഡിനൻസുകളും അതാത് നിയമ (ലെജിസ്ലേഷൻ) വകുപ്പുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്നതിന് പുറമെ നിയമ (ലെജി. പബ്ലിക്കേഷൻ) വകുപ്പിൽനിന്ന് ഓരോ വർഷവും പുറപ്പെടുവിക്കുന്ന ആക്ടുകളും ഓർഡിനൻസുകളും ഉൾപ്പെടുത്തി 'Acts and Ordinance of Kerala എന്ന പേരിലും പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. ആക്റ്റും ഓർഡിനൻസുകളും പ്രകാരം പുറപ്പെടുവിക്കുന്ന ചട്ടങ്ങളും മറ്റ് അനുബന്ധങ്ങളും അതാത് ഭരണ വകുപ്പാണ് പുറപ്പെടുവിക്കുന്നത്. പ്രസ്തുത ചട്ടങ്ങളും അനുബന്ധങ്ങളും ക്രോഡീകരിച്ച് പുറപ്പെടുവിക്കുന്നതും

LIBRARY ARCHIVES Kerala Legislative Assembly